**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 699** **23-02-2022 - ൽ മറുപടിയ്ക്ക്**

**മങ്കട നിയോജകമണ്ഡലത്തിലെ കൊളപ്പറമ്പയിൽ സഹകരണ ബാങ്കിന്റെ ശാഖ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | **Shri. V. N. Vasavan**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | മങ്കട നിയോജകമണ്ഡലത്തിൽ കൂട്ടിലങ്ങാടി പഞ്ചായത്തിലെ മങ്കട പള്ളിപ്രം സഹകരണ ബാങ്കിന്റെ പരിധിയിൽ വരുന്ന കൊളപ്പറമ്പ് പ്രദേശത്ത് പ്രസ്തുത ബാങ്കിന്റെ ഒരു ശാഖ ആരംഭിച്ച് പ്രവർത്തിക്കുന്നതിന് പ്രസ്തുത സംഘം നൽകിയ അപേക്ഷയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിയ്ക്കാമോ; | (എ) | മങ്കട പള്ളിപ്രം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2317 ന്റെ 18/06/2016-ലെ ഭരണസമിതി തീരുമാന പ്രകാരം 28/12/2016 ന് സമർപ്പിച്ച അപേക്ഷ സഹകരണ സംഘം രജിസ്ട്രാറുടെ 39/06 പ്രകാരമുള്ള കാർഷിക വായ്പാ നിബന്ധനകൾ ഉൾപ്പെടെ പാലിക്കാത്തതിനാൽ 21/06/2017-ന് നിരസിച്ചിരുന്നു. അതിനു ശേഷം രേഖകൾ പൂർണ്ണമല്ലാതെയും, പുതിയ ഭരണസമിതി തീരുമാനമില്ലാതെയും 2019 ൽ ബാങ്ക് സമർപ്പിച്ച അപേക്ഷ പരിശോധിച്ച് പൂർണ്ണമായ രേഖകൾ സഹിതവും ശാഖകൾ ആരംഭിക്കുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരവും ശാഖ അനുവാദത്തിനായുള്ള അപേക്ഷ പുനസമർപ്പിക്കുന്നതിന് ബാങ്കിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ശാഖ ആരംഭിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള പ്രദേശത്ത് മറ്റ് ബാങ്കുകൾ നിലവിലില്ലാത്തത് സംഘത്തിന്റെ നിക്ഷേപവും വായ്പയും വർദ്ധിക്കാൻ ഇടയാക്കുമെന്നും കൂടുതൽ മെച്ചപ്പെട്ട സേവനം സഹകാരികൾക്ക് നൽകാൻ കഴിയുമെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഗണിച്ച് ശാഖ ആരംഭിക്കുന്നതിന് അനുമതി നൽകണമെന്ന സംഘത്തിന്റെ അപേക്ഷയിൽ അടിയന്തര തീരുമാനം കൈക്കൊള്ളുമോ; വ്യക്തമാക്കാമോ? | (ബി) | ശാഖകൾ ആരംഭിക്കുന്നത് സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ 39/06 സർക്കുലർ വ്യവസ്ഥകൾ പ്രകാരം സംയുക്ത പരിശോധന നടത്തി മാത്രമേ ശാഖകളുടെ വിജയസാധ്യതയും മെച്ചപ്പെട്ട സേവന സാധ്യതയും വിലയിരുത്താനാകൂ. ശാഖകൾ ആരംഭിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്ന പക്ഷവും, സഹകരണ സംഘം രജിസ്ട്രാറുടെ 39/06 സർക്കുലർ പ്രകാരമുള്ള സംയുക്ത പരിശോധനയിൽ തൃപ്തികരമാകുന്നപക്ഷവും ശാഖ ആരംഭിക്കുന്നതിന് അനുവാദം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ